# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3592 20.10.2016 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, പി.ടി. തോമസ്<br>,, റോജി എം. ജോൺ<br>,, വി.ടി.ബൽറാം | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;<br><br>ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ;<br><br>സി) ആരെയെല്ലാമാണ് സോഷ്യൽ ഓഡിറ്റിൽ പങ്കാളിയാക്കാൻ ഉദ്ദേശിക്കുന്നത്;<br><br>ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ? | എ) ബി) സി) & ഡി) പൊതുമരാമത്തു വകുപ്പ് ദേശീയപാതാ വിഭാഗത്തിൻ കീഴിൽ സോഷ്യൽ ഓഡിറ്റിംഗ് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിലേയ്ക്കായി പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുകയും പദ്ധതി നടത്തിപ്പിനാവശ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രസ്തുത കമ്മിറ്റികളിൽ നിന്ന് സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്. പൊതുമരാമത്തു പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുക വഴി മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കാനും കഴിയും. കമ്മിറ്റിയിൽ സാങ്കേതിക വിദഗ്ധർ ഉള്ളതിനാൽ ഇത് ഉറപ്പുണ്ട്. ആലപ്പുഴയിലാണ് ഈ |

സർക്കാർ ആദ്യമായി ഇത് വിജയകരമായി നടപ്പാക്കിയത്. ഇത് സംസ്ഥാന – ജില്ലാ - മണ്ഡല തലങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

സോഷ്യൽ ഓഡിറ്റിംഗിൽ ക്രമക്കേട് കണ്ടെത്തിയാൽ സർക്കാരിന്റെ ഒരു അംഗീകൃത വിദഗ്ധ ഏജൻസിയെക്കൊണ്ട് ക്രമക്കേടുകളെ സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി ഏജൻസിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ